## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 4651** 26/10/2016-ൽ മറുപടിയ്ക്ക്.

## ക്ഷീരകർഷകരുടെ ഉന്നമനവും ക്ഷേമവും

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പാറക്കൽ അബ്ദുല്ല | | ശ്രീ.കെ രാജു (വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് ക്ഷീര കർഷകരുടെ ഉന്നമനവും ക്ഷേമവും മുൻനിർത്തി സർക്കാർ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വിശദമാക്കുമോ; | (എ) സംസ്ഥാനത്ത് ക്ഷീര കർഷകരുടെ ഉന്നമനം മുൻനിറുത്തിയും ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിനും, ലക്ഷ്യമിട്ട് ക്ഷീരവികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. തീറ്റപ്പുൽകൃഷി വികസന പദ്ധതി, കാലിത്തീറ്റ സബ്സിഡി, മിൽക്ക്ഷെഡ് ഡവലപ്മെന്റ് പ്രോഗ്രാം (MSDP), ഇന്റഗ്രേറ്റഡ് ഡെയറി ഡെവലപ്മെന്റ് പ്രോഗ്രാം, (IDDP) ആവശ്യാധിഷ്ഠിത ധനസഹായം എന്നീ പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കി വരുന്നത്. കൂടാതെ ക്ഷീര കർഷകരുടെ ക്ഷേമം ലക്ഷ്യമാക്കി ക്ഷീര കർഷക ക്ഷേമനിധിയുടെ പെൻഷൻ, കുടുംബപെൻഷൻ, അവശതാ പെൻഷൻ, ചികിത്സ ധനസഹായം, വിവാഹ ധനസഹായം, മരണാനന്തര ധനസഹായം എന്നിവയും നൽകി വരുന്നു. |
| (ബി) | കാലിത്തീറ്റ വില വർദ്ധനവ് പിടിച്ചു നിർത്താൻ സബ്സിഡിയായി കൂടുതൽ തുക വകയിരുത്തുമോ; | (ബി) ക്ഷീര സംഘങ്ങളിൽ അളക്കുന്ന പാലിന് ആനുപാതികമായി ലിറ്ററിന് ഒരു രൂപ നിരക്കിൽ കാലിത്തീറ്റയ്ക്ക് സബ്സിഡി നൽകി വരുന്നുണ്ട്. കാലിത്തീറ്റ സബ്സിഡി ഉയർത്തുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |
| (സി) | കാലിത്തീറ്റ ഗുണനിലവാരം പരിശോധിക്കാൻ എൻ.എ. ബി. എൽ (നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആന്റ് കാലിബറേഷൻ ലാബ്) അക്രഡിറ്റേഷനോടു കൂടിയുള്ള സംവിധാനം സ്റ്റേറ്റ് ലാബിൽ ലഭ്യമാക്കുമോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ? | (സി) ലഭ്യമാണ്. തിരുവനന്തപുരം പട്ടത്ത് പ്രവർത്തിക്കുന്ന എൻ.എ.ബി.എൽ (നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആന്റ് കാലിബറേഷൻ ലാബോറട്ടറീസ്) അക്രഡിറ്റേഷനോടു കൂടിയ സ്റ്റേറ്റ് ഡയറി ലാബിൽ കാലിത്തീറ്റയുടെ ഗുണമേന്മ പരിശോധിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ.